# കേരള സർവകലാശാല

നം. പി.ആർ.027/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

## എം.ബി.ബി.എസ് പരീക്ഷ

കേരള സർവകലാശാല ഏപ്രിൽ അഞ്ചിന് തുടങ്ങുന്ന മൂന്നാം പ്രൊഫഷണൽ എം.ബി.ബി.എസ് (പാർട്ട് രണ്ട് - സപ്ലിമെന്ററി) പരീക്ഷയ്ക്ക് പിഴകൂടാതെ മാർച്ച് 16 (50 രൂപ പിഴയോടെ മാർച്ച് 18, 250 രൂപ പിഴയോടെ മാർച്ച് 19) വരെ അപേക്ഷിക്കാം. വിദ്യാർത്ഥികൾ പരീക്ഷാഫീസിനു പുറമെ സി.വി ക്യാമ്പ് ഫീസ് 300 രൂപ അടയ്ക്കണം.

## ബി.കോം ഫലം

കേരള സർവകലാശാല ജൂലൈയിൽ നടത്തിയ കരിയർ റിലേറ്റഡ് ഫസ്റ്റ് ഡിഗ്രി പ്രോഗ്രാം സി.ബി.സി.എസ്.എസ് രണ്ടാം സെമസ്റ്റർ ബി.കോം കൊമേഴ്സ് വിത്ത് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (138), ബി.കോം കൊമേഴ്സ് ആൻഡ് ടാക്സ് പ്രൊസീജിയർ ആൻഡ് പ്രാക്ടീസ് (337), ബി.കോം കൊമേഴ്സ് ആൻഡ് ടൂറിസം ആൻഡ് ട്രാവൽ മാനേജ്മെന്റ് (338) (റഗുലർ 2014 സ്കീം ആൻഡ് ഇംപ്രൂവ്മെന്റ് 2013 സ്കീം) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 22 വരെ അപേക്ഷിക്കാം. പുനർമൂല്യനിർണ്ണയത്തിന് വെബ്സൈറ്റിൽ നിന്നും ലഭിക്കുന്ന കരട് മാർക്ക്ലിസ്റ്റ് ഉപയോഗിക്കാം.

## സ്പോർട്സ് ടാലന്റ് സ്കോളർഷിപ്പ് വിതരണം

കേരള സർവകലാശാല ഫിസിക്കൽ എഡ്യൂക്കേഷൻ വകുപ്പ് വിദ്യാർത്ഥികൾക്കുള്ള സ്പോർട്സ് ട്രെയിനിംഗ് ഇൻസെന്റീവ് (2007-08, 2008-09), സ്പോർട്സ് ടാലന്റ് സ്കോളർഷിപ്പ് (2007-08 മാത്രം) വിതരണം മാർച്ച് 10 രാവിലെ 10 മണിക്ക് സെനറ്റ് ഹാളിൽ നടക്കും. വിദ്യാർത്ഥികളുടെ ലിസ്റ്റ് വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. യോഗ്യരായവർ അസൽ രേഖകൾ (തിരിച്ചറിയൽ രേഖ/ ആധാർ, സ്പോർട്സ് സർട്ടിഫിക്കറ്റിന്റെ അസലും സാക്ഷ്യപ്പെടുത്തിയ പകർപ്പും) സഹിതം ഹാജരാകണം. സ്കോളർഷിപ്പ് തുക മാർച്ച് 10-ന് തന്നെ കൈപ്പറ്റേണ്ടതാണ്. അല്ലാത്തപക്ഷം ഈ തുക കേരള സർവകലാശാല ഫണ്ടിലേക്ക് നിക്ഷേപിക്കും. ഫോൺ. 0471-2386480.

## ലൈബ്രറി ആൻഡ് ഇൻഫർമേഷൻ കോഴ്സ്: സീറ്റൊഴിവ്

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് കോഴ്സ് ക്ലാസുകൾ മാർച്ച് അഞ്ചിന് തുടങ്ങും. ക്ലാസുകൾ കുമാരപുരം കേരള സർവകലാശാല കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷനിൽ നടത്തും. ഏതാനും സീറ്റുകൾ ഒഴിവുണ്ട്. യോഗ്യത: പ്ലസ് ടു./പ്രീഡിഗ്രി. ഫീസ് 7500/- രൂപ. ക്ലാസ് ശനി, ഞായർ ദിവസങ്ങളിൽ നടക്കും. താൽപര്യമുള്ളവർ

പി.എം.ജിയിലെ തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം ഓഫീസുമായി ബന്ധപ്പെടുക. ഫോൺ. 0471–2302523.

**ബി.ടെക് ടൈംടേബിൾ**

കേരള സർവകലാശാല മാർച്ച് ഒമ്പതിന് തുടങ്ങാനിരുന്ന നാലാം സെമസ്റ്റർ ബി.ടെക് (2013 സ്കീം – ഇംപ്രൂവ്മെന്റ് & സപ്ലിമെന്ററി) പരീക്ഷ മാർച്ച് 21 മുതൽ നടത്തും. പുതുക്കിയ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

**ബി.കോം ലാബ്**

കേരള സർവകലാശാല മാർച്ചിൽ നടത്തുന്ന മൂന്നാം സെമസ്റ്റർ ബി.കോം കൊമേഴ്സ് വിത്ത് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (138 2 (ബി) പരീക്ഷയുടെ ലാബ് പരീക്ഷ മാർച്ച് എട്ട്, ഒമ്പത്, 10 തീയതികളിൽ ആതത് കേന്ദ്രങ്ങളിൽ നടത്തും.

(ഒപ്പ്)

സർവകലാശാല മന്ദിരം,
തിരുവനന്തപുരം.
04.03.2016

ഡോ. ലാൽ സി.എ.
പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ